# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തൊഴിൽ ഉള്ളവരെയും, തൊഴിലില്ലാത്തവരെയും വേർതിരിക്കുന്ന മാനദണ്ഡം</u>

932 ശ്രീ. പി. കെ. ബഷീർ
'' എൻ.എ. നെല്ലിക്കുന്ന്
'' അബ്ദുറഹിമാൻ രണ്ടത്താണി
'' റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ഉള്ളവരെയും തൊഴിലില്ലാത്തവരെയും വേർതിരിക്കുന്ന മാനദണ്ഡം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) നിലവിലില്ലെങ്കിൽ മാനദണ്ഡം നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സുവ്യക്തവും വ്യവസ്ഥാപിതവുമായ മാനദണ്ഡം നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതനം</u>

933 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും തൊഴിലില്ലായ്മ വേതനമായി എന്ത് തുകയാണ് നൽകുന്നത് ;

(ബി) അനർഹരായിട്ടുള്ളവർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) തൊഴിലുറപ്പു പദ്ധതി വന്നതോടുകൂടി തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

സേവനങ്ങൾ ഓൺ ലൈനായി ലഭ്യമാക്കുവാൻ നടപടി

934 ശ്രീ. അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, ഐ. സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിലെ സേവനങ്ങൾ ഓൺ ലൈനായി ലഭ്യമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സേവനങ്ങളാണ് ഓൺ ലൈൻവഴി ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഓൺലൈൻ രജിസ്ട്രേഷൻ

935

ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംവിധാനം വഴി രജിസ്റ്റർ ചെയ്യുന്നവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളെ തൊഴിലവസരങ്ങൾ അറിയിക്കാൻ എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) ഇതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തൊഴിൽ നിയമങ്ങളുടെ പരിഷ്ക്കരണം</u>

936 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ നിലവിലെ തൊഴിൽ നിയമത്തിൽ നിയമലംഘനങ്ങൾക്ക് ചെറിയ ശിക്ഷയേ നിശ്ചയിച്ചിട്ടുള്ളൂ എന്നതുകൊണ്ട് നിയമങ്ങൾ വ്യാപകമായി ലംഘിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ബലരാമൻ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി

937 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ. വി. അബ്ദുൾ ഖാദർ
,, ബി. ഡി. ദേവസ്സി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത മേഖലയിലെ ജീവനക്കാർക്കായി ഒരു സമഗ്ര തൊഴിൽ നയം രൂപീകരിക്കുമോ ;

(സി) ബലരാമൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ബലരാമൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള നടപടികൾ</u>

938 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർക്ക് തങ്ങളുടെ ജോലിക്കനുസരിച്ചുള്ള വേതനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നേഴ്സിംഗ് രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലേബർ ഓഫീസർമാരിലൂടെ ആശുപത്രികളിൽ നടത്തിയ തെളിവെടുപ്പ് മാനേജ്മെന്റ് പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലായിരുന്നു എന്നും ഇതുമൂലം നേഴ്സുമാർക്ക് തങ്ങളുടെ പരാതികൾ പലതും ലേബർ ഓഫീസർമാർക്ക് മുന്നിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നേഴ്സിംഗ് രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ബലരാമൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

939 ശ്രീ. സി. പി. മുഹമ്മദ്
,, എം.എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിനായി നിയമനിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷയും അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ</u>

940 ശ്രീ. ആർ. സെൽവരാജ്
" ഷാഫി പറമ്പിൽ
" എം. എ. വാഹീദ്
" സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപംനൽകുന്ന കാര്യം ആലോചിക്കുമോ; ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ നൽകുവാനുദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച് വൻകിട കെട്ടിട നിർമ്മാതാക്കളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതി</u>

941 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്;

(ഡി) ഈ പദ്ധതി എന്ന് തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകൾ</u>

942 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡുകൾ യഥാസമയം പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനു വേണ്ടി പ്രത്യേകം അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കേരള ആരോഗ്യശ്രീ പദ്ധതി</u>

943 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള 'ആരോഗ്യശ്രീ പദ്ധതി' ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം രോഗങ്ങളുടെ സൗജന്യചികിത്സക്കാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

944 ശ്രീ. പി.സി. ജോർജ്
'' റോഷി അഗസ്റ്റിൻ
'' എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആശുപത്രികളെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഉദ്ദേശിച്ചിരുന്നുവോ ; ആയത് ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

945 ശ്രീ. വി.ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലുള്ള ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാനുദ്ദേശിക്കുന്നത് ;

(ബി) എല്ലാ ആശുപത്രികളിലും ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) നടപ്പു വർഷത്തേയ്ക്ക് ആവശ്യമുള്ള മരുന്നുകൾ എല്ലാ സ്റ്റോറുകളിലും എത്തിച്ചിട്ടുണ്ടോ ;

(ഡി) കോർപ്പറേഷന്റെ പരിധിയിൽ വരുന്ന എല്ലാ ഫാക്ടറികളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ ജോലി സമയം</u>

946 ശ്രീ. വി. റ്റി. ബല്‍റാം
,, ഡൊമിനിക് പ്രസന്റേഷന്‍
,, ഹൈബി ഈഡന്‍
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ ആശുപത്രികളില്‍ നേഴ്സുമാരുടെ ജോലി സമയം സംബന്ധിച്ച് തര്‍ക്കങ്ങള്‍ നിലനില്‍ക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു പരിഹരിക്കുവാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ ജോലി സമയം പഠിക്കാന്‍ സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ
സേവന വേതന വ്യവസ്ഥകൾ

947 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നിരന്തരം നേഴ്സുമാർ നടത്തിവരുന്ന സമരങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുവാൻ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ

948 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) അവശ്യവിഭാഗത്തിൽ പണിയെടുക്കുന്നവരെന്ന നിലയിൽ തൊഴിൽസ്തംഭനം ഒഴിവാക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും സഹായകമായ വിധം സംസ്ഥാന തലത്തിൽ ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>

949 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ സാധ്യതകൾ കണ്ട് ധാരാളം അന്യ സംസ്ഥാന തൊഴിലാളികൾ വന്ന് കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ലേബർ ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനോ, ലേബർ കാർഡ് ലഭിക്കുന്നതിനോ നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ;

(സി) അന്തർ സംസ്ഥാന കുറ്റവാളികൾ ഇത്തരം തൊഴിലാളികൾക്കിടയിൽ നുഴഞ്ഞുകയറുന്നത് തടയാനും അന്യ സംസ്ഥാന തൊഴിലാളികൾ വഴി ചില രോഗങ്ങൾ പകരുന്നത് തടയാനും എന്തെങ്കിലും പരിശോധനാ സംവിധാനം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കാൻ നിയമ നിർമ്മാണം</u>

950 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലിചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്ക് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്റ്റർ ഉണ്ടാക്കാൻ സംവിധാനമുണ്ടാക്കുമോ ;

(സി) പ്രസ്തുത തൊഴിലാളികളെ 'ബ്രോക്കർമാർ' ചൂഷണം ചെയ്യുന്നതും അത് സംസ്ഥാനത്ത് സാമൂഹ്യപ്രശ്നമായി മാറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അന്യസംസ്ഥാന തൊഴിലാളികളെ ഉത്തരം ചൂഷണങ്ങളിൽ നിന്നും രക്ഷിക്കാൻ സമഗ്രമായ ഒരു നിയമം നിർമ്മിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്</u>

951 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹെൽത്ത് കാർഡ് നൽകാൻ സംവിധാനം ഉണ്ടാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

നോക്കുകൂലി വിമുക്തമാക്കുന്നത് സംബന്ധിച്ച്

952 ശ്രീ. ജോസഫ് വാഴക്കൻ
'' സി. പി. മുഹമ്മദ്
'' എം. എ. വാഹീദ്
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(സി) ഈ ജില്ലകളിലെ നോക്കുകൂലി സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) ബാക്കി ജില്ലകളെക്കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ബാലവേല വിമുക്ത സംസ്ഥാനം</u>

953 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വ്യാപാര സ്ഥാപനങ്ങളിലും മറ്റു തൊഴിലിടങ്ങളിലും ബാലവേല നടക്കുന്നുണ്ടോ എന്നറിയാൻ കർശന നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ബാലവേല സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റൽ

954 ശ്രീ. വി.ഡി. സതീശൻ
,, എ.റ്റി. ജോർജ്
,, എം.പി. വിൻസെന്റ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) ഉദ്യോഗാർത്ഥികളുടെ തൊഴിൽ നിർവ്വഹണശേഷി അളക്കാനും പോരായ്മകൾ പരിഹരിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ഐ. ടി. ഐ. കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിക്കൽ

955 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഇതിന് എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ നടപ്പിലാക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ഐ.ടി.ഐ കളിൽ പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ

956 ശ്രീ. റ്റി.എൻ. പ്രതാപൻ
,, വി.റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.ടി.ഐ കളിൽ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ഐ.ടി.ഐ. കളിൽ നിന്നും ട്രെയിനിംഗ് പൂർത്തിയാക്കിയവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതി</u>

957 **ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്തു നടത്തിയ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത കാലയളവിൽ എത്ര ഐ.ടി.ഐ. കൾ പുതുതായി ആരംഭിക്കാൻ കഴിഞ്ഞു; അതുവഴി എത്ര പേർക്ക് ട്രെയിനിംഗ് സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.ടി.ഐ. കളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ വിവിധ ഗവൺമെന്റ് ഐ.ടി.ഐ കളിലെ പ്രിൻസിപ്പൽമാരുടെതടക്കമുള്ള തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ ഐ.ടി.ഐ കളിൽ നിന്ന് ട്രെയിനിംഗ് പൂർത്തിയാക്കി ഓരോ വർഷവും എത്ര പേർ വീതം പുറത്തിറങ്ങുന്നുണ്ട്;

(ഇ) ഇവർക്ക് മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.ക്ക് കെട്ടിടം</u>

958 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അഞ്ച് ഏക്കർ ഭൂമി ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് അനുവദിച്ച് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ഐ.ടി.ഐ യുടെ ശോചനീയാവസ്ഥ

959 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഐ.ടി.ഐ കളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഓരോ ജില്ലയിലും ഒരു കേന്ദ്രത്തിലെങ്കിലും പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന നയ പ്രഖ്യാപനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിലെ സീതാംഗോളി ഐ.ടി.ഐ യുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) പിന്നോക്ക പ്രദേശത്തെ ഐ.ടി.ഐ എന്ന പരിഗണന നൽകി സീതാംഗോളി ഐ.ടി.ഐ.യുടെ പുരോഗതിക്കായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) സർക്കാർ പ്രഖ്യാപിച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് സീതാംഗോളി ഐ.ടി.ഐ കേന്ദ്രത്തെ കൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ

960 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കട്ടപ്പനയിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നമ്പർ 8387/83 (സീനിയോറിറ്റി നമ്പർ 28..07..82) ആയി സണ്ണി. ടി.വി., തുമ്പനിരപ്പേൽ, കുളപ്പാറച്ചാൽ. പി.ഒ എന്നയാൾ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തി യഥാകാലം രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടോ; അദ്ദേഹത്തെ ഇതുവരെ ഏതൊക്കെ ജോലികൾക്കായി പരിഗണിച്ചു; വിശദാംശം നൽകാമോ;

(സി) ജോലികൾക്കായി പരിഗണിച്ചിട്ടില്ല എങ്കിൽ എന്തുകൊണ്ട് ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>ചാത്തന്നൂർ - പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ഐ. ടി. ഐ.</u>

961 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ വനിതാ ഐ. ടി. ഐ. ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിരുന്നുവോ; ഈ ഗവൺമെന്റ് അധികാരമേറ്റശേഷം പുതുതായി എത്ര ഐ. ടി. ഐ. കൾ ആരംഭിച്ചുവെന്നുള്ള വിശദാംശം അറിയിക്കുമോ;

(ബി) അടുത്ത സാമ്പത്തിക വർഷം പൂതക്കുളത്ത് ഐ. ടി. ഐ. ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മാടായി ഐ. ടി. ഐ. കെട്ടിട നിർമ്മാണം</u>

962 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ. ടി. ഐ. കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഐ. ടി. ഐ. കെട്ടിട നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തെങ്ങുകയറ്റ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ</u>

963 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകയറ്റ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും തരത്തിലുളള ഇൻഷുറൻസ് പരിരക്ഷ തെങ്ങു കയറ്റത്തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ;

(സി) തെങ്ങു കയറുമ്പോൾ അപകടം സംഭവിച്ച് നിത്യരോഗികളായി തീർന്ന തൊഴിലാളികളുടെ ചികിത്സയ്ക്കും, കുടുംബാംഗങ്ങളുടെ സംരക്ഷണത്തിനുമായി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

അവിവാഹിതരായ സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭം

964 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി പ്രകാരം എന്തു തുകയാണ് സബ്സിഡിയായി നൽകുന്നത്;

(സി) യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) ഏതൊക്കെ സ്വയംതൊഴിൽ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികൾക്കുള്ള ക്ഷേമനിധി</u>

965 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾക്കുള്ള ക്ഷേമനിധി പദ്ധതി നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ എന്നാണ് നിലവിൽ വന്നത് ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ നൽകി തുടങ്ങിയോ; ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പെൻഷൻകാർക്ക് ആരോഗ്യ, ഭക്ഷ്യ സുരക്ഷ പദ്ധതി</u>

966 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ട് വഴി പെൻഷൻ വാങ്ങുന്ന എത്ര തൊഴിലാളികളുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ഭക്ഷ്യ സുരക്ഷയും, ആരോഗ്യ പരിപാലനവും മുൻനിർത്തി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തെങ്കിലും പദ്ധതികളാവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

**<u>പി.എഫ്. പെൻഷൻകാരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി</u>**

967

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പി. എഫ്. പെൻഷൻകാരെ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനായി നടപടി സ്വീകരിക്കുമോ;

(ബി) 2011-12 സാമ്പത്തിക വർഷം പി.എഫ്. പെൻഷൻ കാരെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് ഉറപ്പു നൽകിയിരുന്നുവോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടോ;

(ഡി) പി. എഫ്. പെൻഷൻകാരെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ</u>

968 ശ്രീ. പി. കെ. ഗുരുദാസൻ
,, എസ്. രാജേന്ദ്രൻ
,, റ്റി. വി. രാജേഷ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ സെക്യൂരിറ്റിക്കാർക്ക് മിനിമം വേതനം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയമലംഘകർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ സ്ഥലങ്ങളിലെ സുരക്ഷാ ഓഡിറ്റ്</u>

969 ശ്രീ. സണ്ണി ജോസഫ്
'' ജോസഫ് വാഴക്കൻ
'' പി.എ. മാധവൻ
'' എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ് ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ഒരു സുരക്ഷാ മാനുൽ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഓഡിറ്റിംഗിന് യോഗ്യതയുള്ള ഏജൻസികളെ കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ മാനുലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വാച്ച് റിപ്പയറിംഗ് മേഖലയിൽ ക്ഷേമനിധി</u>

970 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൽലക്ഷത്തോളം പേരുടെ ഉപജീവന മാർഗ്ഗമായ വാച്ച് റിപ്പയറിംഗ് മേഖലയിൽ പണിയെടുക്കുന്നവർക്കായി എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നിലവിലുളളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കായി പ്രത്യേക ക്ഷേമനിധി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) ഈ മേഖലയിൽ പണിയെടുക്കുന്നവർക്കായി എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പീരുമേട്ടിലെ തോട്ടങ്ങളിലെ ലയങ്ങളുടെ ശോച്യാവസ്ഥ</u>

971 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിലെ പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലയങ്ങളുടെ ജീർണ്ണാവസ്ഥയെക്കുറിച്ച് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>വൈഗൈ ത്രഡ്സ് കമ്പനിയിലെ</u>
<u>തൊഴിലാളി പ്രശ്നങ്ങൾ</u>

972

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിഹരിക്കുന്നതിനും മെച്ചപ്പെട്ട സേവന - വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>ഐ. ടി. ഐ. കളിൽ പുതിയ കോഴ്സുകൾ</u>

973 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവ. ഐ. ടി.ഐ, ഗവ. വനിതാ ഐ. ടി.ഐ എന്നിവിടങ്ങളിൽ പുതുതായി അനുവദിച്ച കോഴ്സുകൾ ഇതുവരെയും ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴ്സുകൾ ഉടനെ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതടക്കമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ബ്രഹ്മോസ്സിലെ തൊഴിലാളി സംഘടനകൾ</u>

974 ശ്രീ. എളമരം കരീം
,, ജെയിംസ് മാത്യു
,, സി. കൃഷ്ണൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മോസ്സിലെ ട്രേഡ് യൂണിയനുകളുടെ അംഗീകാരം റദ്ദാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഏത് വകുപ്പ് പ്രകാരമാണ് രജിസ്ട്രേഷൻ റദ്ദാക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിയമാനുസൃതം പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകളുടെ അംഗീകാരം റദ്ദാക്കുന്നത് സർക്കാരിന്റെ നയമാണോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

അന്യ സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരശേഖരണം

975 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജോലി ചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരശേഖരണം തൊഴിൽ വകുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ശേഖരിച്ച വിവരങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?